"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കുത്തനൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായ ശ്രീമതി. ഇന്ദിരാദേവി ഡി ഫയൽ ചെയ്ത WP(C)No. 1660/2026-ന്മേൽ ബഹു. ഹൈക്കോടതി യുടെ 03.02.2026 തീയതിയിലെ വിധിന്യായം - നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5256/2026/GEDN തീയതി,തിരുവനന്തപുരം, 04-08-2026

---

പരാമർശം:-

1. പാലക്കാട് കുത്തനൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായ ശ്രീമതി. ഇന്ദിരാദേവി ഡി 29/01/2026 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P6).
2. പാലക്കാട് കുത്തനൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായ ശ്രീമതി. ഇന്ദിരാദേവി ഡി ഫയൽ ചെയ്ത WP(C)No. 1660/2026-ന്മേൽ ബഹു. ഹൈക്കോടതി യുടെ 03.02.2026 തീയതിയിലെ വിധിന്യായം
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21-03-2026 തീയതിയിലെ ഇഎം1/4435/2026/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കുത്തനൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായ ശ്രീമതി. ഇന്ദിരാദേവി ഡി ഫയൽ ചെയ്ത WP(C)No. 1660/2026-ന്മേൽ ബഹു. ഹൈക്കോടതി 03.02.2026 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ EXT P6 പുനഃപരിശോധന ഹർജിയിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ റിവിഷൻ ഹർജി പരിശോധിച്ചു.

2. ഹർജിക്കാരിയുടെ അപേക്ഷ ഇപ്രകാരമാണ്.

- ഹർജിക്കാരി പാലക്കാട് ജില്ലയിലെ കുത്തനൂർ ഹൈസ്കൂളിൽ എച്ച്.എസ്.ടി (ഗണിതം) ആയി ജോലി ചെയ്തുവരികയാണ്. 05-06-1995-ൽ യു.പി.എസ്.ടി ആയി സർവീസിൽ പ്രവേശിച്ച അവർക്ക് 08-08-1995-ൽ എച്ച്.എസ്.ടി ആയി പ്രൊമോഷൻ ലഭിച്ചു.

- 31-05-2025-ൽ ശ്രീമതി സൈന വി. വിരമിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ

ഹർജിക്കാരിയെ ഹെഡ്മിസ്ട്രസ് ആയി പ്രൊമോട്ട് ചെയ്തു.

- നിയമനത്തിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി, സ്കൂളിൽ പ്രൊമോഷന് അർഹതയുള്ള മറ്റേതെങ്കിലും സീനിയർ അധ്യാപകരുണ്ടോ എന്ന് അസിസ്റ്റന്റ് എജ്യുക്കേഷണൽ ഓഫീസർ ചോദിച്ചിരുന്നു. ഹർജിക്കാരിയേക്കാൾ സീനിയറായി മറ്റാരുമില്ലെന്നും, യോഗ്യതയുള്ള മറ്റൊരു അധ്യാപിക തന്റെ അവകാശം ഉപേക്ഷിച്ചുവെന്നും (relinquishment) അഞ്ചാം എതിർകക്ഷി മറുപടി നൽകുകയും, ഈ വിവരം 09-06-2025-ൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

- സ്കൂൾ മാനേജർ ഹർജിക്കാരിക്ക് ഹെഡ്മിസ്ട്രസിന്റെ ചുമതല നൽകിയിട്ടുണ്ടെന്നും, ജില്ലാ വിദ്യാഭ്യാസ ഓഫീസർ 01-11-2025 മുതൽ 3 മാസത്തേക്ക് ചുമതല നീട്ടിനൽകിയിട്ടുണ്ടെന്നും ബോധിപ്പിച്ചു.

- കെ.ടെറ്റ് നേടിയിട്ടില്ലെങ്കിൽ സ്ഥാനക്കയറ്റം നൽകാൻ കഴിയില്ലെന്ന് ഒരു കേസിൽ കെ.ടെറ്റുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി നടത്തിയ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഹർജിക്കാരിയെ ഹെഡ്മിസ്ട്രസ് ആയി നിയമിക്കുന്നതിനുള്ള അംഗീകാരം നിരസിക്കപ്പെട്ടത്.

- ഹർജിക്കാരി 31-03-2026-ൽ വിരമിക്കേണ്ടയാളാണ്. ഇനി 2 മാസത്തിലധികം മാത്രമേ സർവീസ് ശേഷിക്കുന്നുള്ളൂ. കെ.ടെറ്റ് യോഗ്യതയെക്കുറിച്ച് ബഹു. സുപ്രീം കോടതി നടത്തിയ നിരീക്ഷണം ചൂണ്ടിക്കാട്ടി ഹർജിക്കാരിയുടെ അംഗീകാരം നിരസിച്ചത് പൂർണ്ണമായും തെറ്റാണ്. ഹർജിക്കാരിക്ക് മറ്റ് എല്ലാ യോഗ്യതകളുമുണ്ട്, കൂടാതെ വിരമിക്കാൻ 2 മാസം മാത്രമേ ബാക്കിയുള്ളൂ.

- ബഹു. സുപ്രീം കോടതിയുടെ ഉത്തരവിനെ തെറ്റായി വ്യാഖ്യാനിച്ച് അപ്പീലോ റിവിഷനോ സമർപ്പിച്ചതിനാലാണ് അംഗീകാരം നിരസിക്കപ്പെട്ടത്. ഹർജിക്കാരിക്ക് അംഗീകാരം നൽകുന്നതിന് കെ.ടെറ്റ് യോഗ്യത നേടേണ്ടത് തീരെ പ്രസക്തമല്ല.

- ഹർജിക്കാരിക്ക് വിരമിക്കാൻ 2 മാസം മാത്രമേ ബാക്കിയുള്ളൂ. അവരുടെ വിരമിക്കൽ തീയതി 31-03-2026 ആണ്. ഹെഡ്മിസ്ട്രസ് ആയുള്ള നിയമന അംഗീകാരം നിഷേധിക്കുന്നത് അവരുടെ ശമ്പള സ്കെയിലിനെയും പെൻഷനെയും ബാധിക്കും, കൂടാതെ സർവീസിലെ ഈ തടസ്സം കാരണം പെൻഷൻ ആനുകൂല്യങ്ങളും അയച്ചിട്ടില്ല.

- ഹർജിക്കാരിക്ക് കളങ്കമില്ലാത്ത സർവീസാണുള്ളത്. കുറഞ്ഞത് ഒരു വർഷമെങ്കിലും എച്ച്.എം ആയി പ്രവർത്തിക്കാനുള്ള അവരുടെ അവകാശമാണ് എക്സിബിറ്റ് P5 ഉത്തരവിലൂടെ നിഷേധിച്ചിരിക്കുന്നത്. ഹർജിക്കാരിക്ക് സർവീസിൽ തുടരാനുള്ള യോഗ്യതയെക്കുറിച്ച് ഈ ഉത്തരവിൽ ഒട്ടും പരിഗണിച്ചിട്ടില്ല.

- നാലാം എതിർകക്ഷിയുടെ നടപടിക്രമങ്ങൾ പരിശോധിച്ചാൽ ഹർജിക്കാരി എച്ച്.എമ്മിന്റെ ചുമതലയിലായിരുന്നുവെന്നും, ആ ചുമതല നീട്ടിനൽകിയിട്ടുണ്ടെന്നും, അത് ഇപ്പോഴും നിലവിലുണ്ടെന്നും മനസ്സിലാക്കാം. അതിനാൽ അവർ എച്ച്.എം ആയി നിയമിക്കപ്പെട്ട

എന്നതും ചുമതലയിൽ തുടരാൻ അനുവദിക്കപ്പെട്ടു എന്നതും വ്യക്തമായ വസ്തുതയാണ്.

- ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27-12-2025 തീയതിയിലെ B2/841384/2025 നമ്പർ ഉത്തരവ് റദ്ദാക്കാനും, അതനുസരിച്ച് തക്കതായ ഉത്തരവുകൾ പുറപ്പെടുവിക്കാനും ഹർജിക്കാരി അപേക്ഷിച്ചു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് .

എച്ച്.എസ്. കുത്തന്നൂരിലെ പ്രധാനാധ്യാപികയായിരുന്ന ശ്രീമതി സൈന വി. 31/05/2025 ന വിരമിച്ച ഒഴിവിൽ ശ്രീമതി ഇന്ദിരാദേവി ഡി., എച്ച്.എസ്.ടി.(ഗണിതം) പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി. നിലവിൽ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന, പ്രധാനാധ്യാപിക സ്ഥാനക്കയറ്റത്തിന് എല്ലാ യോഗ്യതകളുമുള്ള, അദ്ധ്യാപിക സമർപ്പിച്ച പരിത്യാഗപത്രം അംഗീകരിക്കാമെങ്കിലും നിയമിതയ്ക്ക് കെ-ടെറ്റ് ഇല്ലാത്തതിനാൽ 01/09/2025 ലെ ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1385/2025 പ്രകാരം അംഗീകരിയ്ക്കാനാവില്ല എന്നതിനാൽ ശ്രീമതി ഇന്ദിരാദേവി ഡി -യുടെ പ്രധാന അധ്യാപികയായുള്ള സ്ഥാനകയറ്റനിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനും ശമ്പളബിൽ സംബന്ധിച്ച നടപടികൾക്ക് മുടക്കമില്ലാതിരിക്കാനായും മാനേജരുടെ അപേക്ഷ പ്രകാരവും ബഹു ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരവും ശ്രീമതി ഇന്ദിരാദേവി ഡി -യ്ക്ക് 31.03.2026 വരെ ഡ്രോയിംഗ് ചാർജ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചു നൽകിയിട്ടുണ്ട്.

15/03/2026 ലെ സ.ഉ.(കൈ) നം.80/2026/പൊ.വി.വ. പ്രകാരം കെ-ടെറ്റ് സംബന്ധിച്ച് മുൻപ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി സർവീസിൽ തുടരുന്നതും, 1.9.2025 ന് പ്രൊമോഷൻ/ബൈട്രാന്സ്ഫർ നിയമനത്തിന് സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക ജീവനക്കാർക്ക് അർഹതയുള്ളതുമായ അവർ അതത് കാറ്റഗറിയിലെ കെ-ടെറ്റ് യോഗ്യത 1.9.2025 മുതൽ 2 വർഷത്തിനകം നേടണമെന്ന നിബന്ധനയിൽ താത് കാലിക പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

ആയതിനാൽ പ്രധാനാധ്യാപിക സ്ഥാനക്കയറ്റത്തിന് എല്ലാ യോഗ്യതകളുമുള്ള അദ്ധ്യാപിക പരിത്യാഗപത്രം സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്ത് 15/03/2026 ലെ സ.ഉ.(കൈ) നം.80/2026/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി ഇന്ദിരാദേവി ഡി യുടെ പ്രധാനാധ്യാപിക സ്ഥാനക്കയറ്റം നിയമന തീയതി മുതൽ താൽക്കാലികമായി അംഗീകരിക്കാവുന്നതാണ് എന്ന വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെ അപേക്ഷ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

അധ്യാപകനിയമനങ്ങൾക്ക് കെ-ടെറ്റ് നിർബന്ധിതയോഗ്യതയാണെന്ന 1.09.2025 തീയതിയിലെ വിധിന്യായത്തിനെതിരെ കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങൾ

ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനുകൾ ബഹു സുപ്രീം കോടതി ചില നിർദേശങ്ങളോടെ 29.5.2026-ന് തള്ളുകയുണ്ടായി. മേൽസാഹചര്യത്തിൽ പ്രധാനാധ്യാപിക സ്ഥാനക്കയറ്റത്തിന് സീനിയർ അദ്ധ്യാപിക പരിത്യാഗപത്രം സമർപ്പിച്ചിട്ടുണ്ടെങ്കിലും, നിയമിതയ്ക്ക് കെ-ടെറ്റ് ഇല്ലാത്തതിനാൽ 01/09/2025 ലെ ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1385/2025 പ്രകാരം അംഗീകരിയ്ക്കാനാവില്ല.

മേൽ സാഹചര്യത്തിൽ പാലക്കാട് കുത്തനൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ശ്രീമതി. ഇന്ദിരാദേവി ഡി -യുടെ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം കെ-ടെറ്റ് ഇല്ലാത്തതിനാൽ 01/09/2025 ലെ ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1385/2025 പ്രകാരവും ടി വിധിന്യായത്തിനെതിരെ കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങൾ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനുകൾ ബഹു സുപ്രീം കോടതി ചില നിർദേശങ്ങളോടെ 29.5.2026-ന് തള്ളിയതിനാലും ഹർജിയിലെ ആവശ്യം പരിഗണിക്കാൻ കഴിയില്ലെന്ന് ഹർജിക്കാരിയെ അറിയിച്ച ExtP6 ഹർജി തീർപ്പാക്കി, അപ്രകാരം പാലക്കാട് കുത്തനൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) അധ്യാപികയായ ശ്രീമതി. ഇന്ദിരാദേവി ഡി ഫയൽ ചെയ്ത WP(C) No.1660/2026 കേസ്സിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 03/02/2026 തീയതിയിലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. ഇന്ദിരാദേവി ഡി, എച്ച്.എസ്.ടി (ഗണിതം), കുത്തനൂർ ഹൈസ്കൂൾ, പാലക്കാട്
മാനേജർ, കുത്തനൂർ ഹൈസ്കൂൾ, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/364/2026-G.EDN തീയതി: 18.07.2026 )
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Ragasmitha V M
Date: 04-08-2026
16:42:14
സെക്ഷൻ ഓഫീസർ